നം.CEIA/1049/2024/B3

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി 19-01-2026

**സർക്കുലർ**

വിഷയം: ജലസേചനം — ജീവനക്കാര്യം - ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിലേക്കായി കമ്പ്യൂട്ടർ പരിജ്ഞാന സാക്ഷ്യ പത്രം സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന -1) 14.03.2025 ലെ ഈ കാര്യാലയത്തിലെ CEIA/598/2023-B4 നമ്പർ സർക്കുലർ
2) 27.11.2024 ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ സ.ഉ (അച്ചടി) നം.11/2024/P&ARD നമ്പർ ഉത്തരവ്

26.10.2022- നോ അതിനു ശേഷമോ ക്ലർക്ക് തസ്തികയിലെ നിയമനത്തിനായി ശിപാർശ ചെയ്യപ്പെട്ട് നിയമനം ലഭിച്ച ജീവനക്കാർ മലയാളത്തിൽ മിനിട്ടിൽ ഏറ്റവും കുറഞ്ഞത് 15 വാക്കും, ഇംഗ്ലീഷിൽ കുറഞ്ഞത് 20 വാക്കും ടൈപ്പ് ചെയ്യുന്നതിനുള്ള കംമ്പ്യൂട്ടർ പരിജ്ഞാനം ആർജിച്ചിട്ടുണ്ടെന്ന് പ്രൊബേഷൻ പൂർത്തിയാകുന്നതിന് മുൻപ് ഓഫീസ് മേലധികാരി ഉറപ്പിക്കേണ്ടതാണെന്ന വ്യവസ്ഥ ബാധകമാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ 26.10.2022-നോ അതിനു ശേഷമോ നിയമന ശിപാർശ ലഭ്യമായി ജോലിയിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരുടെ പ്രൊബേഷൻ പ്രൊപ്പോസൽ ഈ കാര്യാലയത്തിലേക്ക് ലഭ്യമാക്കുമ്പോൾ ഐ.എം.ജി/മറ്റ് പരിശീലന സ്ഥാപനങ്ങൾ നടത്തിയ ഇൻഡക്ഷൻ ട്രെയിനിംഗ്/ഇതിനായുള്ള മറ്റ് പരിശീലന പരിപാടികൾ എന്നിവയുടെ ഭാഗമായുള്ള ഹ്രസ്വ കാല കോഴ്സിലൂടെ ജീവനക്കാർ മേൽപ്പറഞ്ഞ കഴിവ് ആർജിച്ചിട്ടുണ്ടെന്ന മേലധികാരിയുടെ സാക്ഷ്യപത്രം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

**Signed by Maheshkumar V P**
**Date: 19-01-2026 12:38:18**
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

പകർപ്പ്: 1) എല്ലാ ചീഫ് എഞ്ചിനീയർ/ സൂപ്രണ്ടിംഗ് എഞ്ചിനീയർ / എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക്
2) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.റ്റി സെൽ (പബ്ലിക്കേഷനു വേണ്ടി)